# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2081** **01/02/2018-ൽ മറുപടിക്ക്**

## പകർച്ചവ്യാധി നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് കഴിഞ്ഞവർഷം ഡെങ്കിപ്പനി, വൈറൽ പനി, എലിപ്പനി, മലമ്പനി, എച്ച്1 എൻ 1, വയറിളക്കം എന്നീ രോഗങ്ങൾ പടർന്ന് പിടിക്കുവാനുണ്ടായ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | എ) | കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ-വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ, ഉയർന്ന ജനസാന്ദ്രത, നഗരവത്കരണം, മാലിന്യ-സംസ്കരണ പോരായ്മകൾ, അതുമൂലം കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ, ജല-ദൗർലഭ്യം തുടങ്ങിയവയാണ് പകർച്ച-വ്യാധികൾ പടർന്നുപിടിക്കുവാനുള്ള കാരണങ്ങൾ. |
| ബി) | പകർച്ച വ്യാധി നിയന്ത്രണത്തിന് ജനപങ്കാളിത്തത്തോടെ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | ബി) | തയ്യാറാക്കിയിട്ടുണ്ട്. "ആരോഗ്യജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടിയിൽ ആരോഗ്യ-വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഇതര-വകുപ്പുകളുമായി ചേർന്ന് ആരോഗ്യ ബോധവത്കരണ, പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. |
| സി) | വിവിധ തരം പനിമൂലം കഴിഞ്ഞ വർഷം ആയിരത്തിലധികം ആളുകൾ മരിക്കുവാനുണ്ടായ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ജാഗരൂകമായ പ്രവർത്തനം ഉറപ്പാക്കുമോ എന്നറിയിക്കാമോ ? | സി) | "ആരോഗ്യജാഗ്രത" എന്ന പേരിൽ പകർച്ചവ്യാധി ബോധവത്കരണ പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി വ്യക്തമായ പ്രവർത്തന കലണ്ടറോടുകൂടി ജില്ലകളിൽ നടപ്പിലാക്കുക വഴി പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും കുറയ്ക്കാനാകുമെന്ന് കരുതുന്നു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ കൂടുതൽ ജാഗരൂകമായ പ്രവർത്തനങ്ങളാണ് ഈ വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**